I ഇ.ബി. XII - കേരള നിയമസഭ/XVII-9

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 18, വെള്ളി

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുശോചനം**

വാഹനാപകടം

17-02-2011-ന് തിരുവനന്തപുരത്ത് ചാക്കയ്ക്ക് സമീപം കരിയ്ക്കകം ലിറ്റിൽ ഹാർട്ട്സ് സ്കൂൾവാൻ പാർവ്വതീപുത്തനാറിലേയ്ക്ക് മറിഞ്ഞ് അഞ്ച് നഴ്സറി കുട്ടികളും ആയയും മരണപ്പെടുകയും നാല് കുട്ടികൾക്ക് സാരമായി പരിക്കേൽക്കുകയും ചെയ്ത ദുരന്തത്തിൽ മരണമടഞ്ഞവരുടെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

**അടിയന്തിരപ്രമേയം**

ലാ കോളേജ് വിദ്യാർത്ഥിനി ആക്രമിക്കപ്പെട്ട സംഭവം

മി. സ്പീക്കർ : തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിൽ ലാ കോളേജ് വിദ്യാർത്ഥിനിയെ അപമാനിക്കാൻ ശ്രമിച്ച സംഭവത്തിൽ യഥാസമയം

കേസ്സെടുക്കാനോ കുറ്റക്കാരെ അറസ്റ്റ് ചെയ്ത് മേൽനടപടികൾ സ്വീകരിക്കുവാനോ തയ്യാറാകാത്തതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, അബ്ദുറഹിമാൻ രണ്ടത്താണി, പി.സി. ജോർജ്, കെ.പി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : തിരുവനന്തപുരം ലാ കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥിനി 24-01-2011-ൽ രാത്രി 8.15-ന് ഇരുചക്ര വാഹനത്തിൽ വീട്ടിലേയ്ക്ക് പോകവേ പി.എം.ജി. ജംഗ്ഷന് സമീപം വച്ച് ഇതേ കോളേജിലെ മൂന്നും അഞ്ചും വർഷ വിദ്യാർത്ഥികളായ മൂന്നുപേർ പിറകെ ചെന്ന് ശല്യപ്പെടുത്തുകയും ട്രാഫിക് സിഗ്നലിന് മുന്നിൽ തടഞ്ഞുനിർത്തി ഷാളിലും കയ്യിലും പിടിച്ച് നിലത്ത് തള്ളിയിടുകയും അസഭ്യം പറയുകയും മറിഞ്ഞുവീണ വാഹനത്തിന് കേടുപാട് സംഭവിക്കുകയും ചെയ്തുവെന്നാണ് പരാതി ലഭിച്ചിട്ടുള്ളത്. ഈ വിദ്യാർത്ഥിനി 25-01-2011-ന് കൊടുത്ത പരാതിയിന്മേൽ 16-02-2011-ലാണ് മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്തതായി കാണുന്നത്. ഇതിലെ ഒന്നും രണ്ടും പ്രതികളായ രതീഷ് ചന്ദ്രൻ, സജി സ്റ്റീഫൻ എന്നിവരെ 17-02-2011-ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ് കൈകാര്യം ചെയ്തതിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. സ്ത്രീകളുടെ പരാതി പോലീസ് സ്റ്റേഷനിൽ കിട്ടിയാൽ അത് കൈകാര്യം ചെയ്യേണ്ട രീതിയിൽ ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടില്ലെന്നതിന്റെ അടിസ്ഥാനത്തിൽ

മ്യൂസിയം എസ്.ഐ-യെ സസ്പെന്റ് ചെയ്തു. ഇതു സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തി തെറ്റ് ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : നിഷ്ഠൂരമായ ഈ പ്രവൃത്തിയിന്മേൽ പോലീസ് നിഷ്ക്രിയമായ നിലപാട് സ്വീകരിച്ചതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിക്കണം. തിരുവനന്തപുരം ലാ കോളേജിലെ ഈ വിദ്യാർത്ഥിനിയെ സംഘടനാപ്രവർത്തനങ്ങളിൽ പങ്കെടുക്കാത്തതിന്റെ പേരിൽ നിരവധി തവണ ഭീഷണിപ്പെടുത്തിയതിനാൽ 22-07-2010-ൽ സംസ്ഥാന വനിതാ കമ്മീഷനിൽ പരാതി കൊടുത്തെങ്കിലും ഒരു നടപടിയുമെടുത്തില്ല. ഇതിനുശേഷമാണ് തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിൽവച്ച് ആ കുട്ടിക്കുനേരെ ആക്രമണം ഉണ്ടായത്. കേസ്സെടുക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്ന് ഗുരുതരമായ അനാസ്ഥയാണുണ്ടായിരിക്കുന്നത്. പെൺകുട്ടികൾക്ക് നേരെയുണ്ടാകുന്ന ക്രൂരമായ പീഡനങ്ങളിൽപ്പോലും നടപടിയെടുക്കാത്ത പോലീസിന്റെ നിഷ്ക്രിയമായ സമീപനം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇത് സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് നേരത്തെ വ്യക്തമാക്കുകയുണ്ടായി. രതീഷ് ചന്ദ്രൻ, സജി സ്റ്റീഫൻ, ശ്രീരാജ് എന്നിവരാണ് ശല്യം ചെയ്തതെന്നാണ് പെൺകുട്ടിയുടെ പരാതിയിൽ പറയുന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ നിയമാനുസൃതമായി സ്വീകരിക്കേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥിനി അപമാനിക്കപ്പെട്ട സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിയെന്നുള്ളത് അംഗീകരിക്കുന്നു. ഇത്തരത്തിലുള്ള അക്രമസംഭവങ്ങൾ മേലിൽ ആവർത്തിക്കാൻ അനുവദിക്കുന്നതല്ല. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടു

ത്തുകൊണ്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, പി. സി. ജോർജ്, പി. കെ. അബ്ദുറബ്ബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) ദേശീയ ജലപാതാ വികസനത്തിന് അനുവദിച്ച തുക

ശ്രീ. വർക്കല കഹാർ: സംസ്ഥാനത്തെ ദേശീയ ജലപാതകളുടെ വികസനത്തിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക സംസ്ഥാന സർക്കാരിന്റെ നിരുത്തരവാദപരമായ നടപടികളുടെ ഭാഗമായി ലാപ്സായി പോകുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ടി.എസ്. കനാലിന്റെ തിരുവനന്തപുരം മേഖലയിലെ മേജർ സ്ട്രെച്ചായ ഇടവാ-നടയറ കായൽ മുതൽ കോഴിത്തോട്ടം വരെയുള്ള പ്രദേശത്തെ കനാലും ശിവഗിരി തുരങ്കവും ചിലക്കൂർ തുരങ്കവുമുൾപ്പെട്ട പാതയുടെ പുനർനിർമ്മാണത്തിനായി ധനകാര്യ കമ്മീഷൻ 225 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പാത പുനർനിർമ്മാണം നടത്തി ബോട്ടുകളും മറ്റ് വെസ്സലുകളും പോകാനുള്ള സൗകര്യം ഉണ്ടാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ ടെണ്ടർ നടപടികൾപോലും പൂർത്തിയായിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതു സംബന്ധിച്ചും പുറമ്പോക്കിലുള്ളവരെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിക്കാത്തതുസംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളടക്കം ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2006-10 കാലയളവിലേയ്ക്ക് ദേശീയ ജലപാതയുടെ വികസനത്തിനായി 225 കോടി രൂപ പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ചതിൽ 204 കോടി രൂപയുടെ പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ഒന്നാംഘട്ട പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയ തുക വിനിയോഗിച്ച് അറേഞ്ച് ചെയ്ത 119 വർക്കുകളിൽ 92 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാംഘട്ട പ്രവൃത്തികൾക്കായി തുക അനുവദിച്ചെങ്കിലും അവ പൂർത്തീകരിക്കുന്നതിൽ പോരായ്മകളുണ്ടായി. 136 കോടി രൂപ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ട്രാൻസ്ഫർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നൽകിയ വർക്കുകളിൽ രണ്ടെണ്ണം പൂർത്തീകരിക്കുകയും ബാക്കി പണികൾ പുരോഗമിക്കുകയുമാണ്. കനാൽ പുറമ്പോക്ക് സർവ്വേ നടത്തി അടയാളപ്പെടുത്തുന്നതിലും കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിലും കാലതാമസം ഉണ്ടായി. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറുകൾക്ക് വേണ്ടത്ര പ്രതികരണം കരാറുകാരിൽ നിന്നും ലഭിക്കാത്തതും റവന്യൂ, ജിയോളജി, പോലീസ് തുടങ്ങിയ വകുപ്പുകളുടെ പരാതിയെത്തുടർന്ന് പലപ്പോഴും പണികൾ നിർത്തിവയ്ക്കേണ്ടിവന്നതും പ്രവൃത്തികളുടെ നിർമ്മാണത്തിലും പുരോഗതിയിലും തടസ്സങ്ങൾ ഉണ്ടാക്കി; അവ നീക്കം ചെയ്യുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും സർക്കാർ ശ്രമിക്കുന്നതാണ്. ടെണ്ടർ നടപടികൾ സംബന്ധിച്ചും പുറമ്പോക്കിലുള്ളവരെ

ഒഴിപ്പിക്കുന്ന നടപടികൾ സംബന്ധിച്ചും ബന്ധപ്പെട്ടവരുടെ അടിയന്തിര യോഗം വിളിക്കുന്നതിന് ഏർപ്പാട് ചെയ്യാവുന്നതാണ്.

(2) <u>പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആദായനികുതിയിളവ്</u>

<u>ശ്രീ. എം. എം. മോനായി:</u> ആദായനികുതി നിയമത്തിലെ 80 (പി) വകുപ്പനുസരിച്ച് പ്രാഥമിക സഹകരണ സംഘങ്ങൾക്കും സഹകരണ ബാങ്കുകൾക്കും അനുവദിച്ചിരുന്ന ആദായ നികുതിയിളവ് കേന്ദ്ര പ്രത്യക്ഷ നികുതി ബില്ലിലൂടെ എടുത്തുകളഞ്ഞിരിക്കുകയാണ്. ഇതുമൂലം കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് 2012 മുതൽ ആദായനികുതി നൽകേണ്ട അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്റേയും ബാങ്കുകളുടേയും നിർവ്വചനത്തിൽ മാറ്റങ്ങൾ വരുത്തിയതിനാൽ നിർവ്വചനത്തിന്റെ പുറത്തുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് സംഘങ്ങൾക്ക് നികുതി നൽകേണ്ടതായി വന്നിരിക്കുകയാണ്. കാർഷിക ഉപകരണങ്ങൾ, വിത്ത്, വളർത്തുമൃഗങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾ, കന്നുകാലി പരിപാലനം, കോഴിവളർത്തൽ എന്നിവയ്ക്ക് നൽകിയിട്ടുള്ള വായ്പകൾ, മൽസ്യബന്ധനം, സംസ്ക്കരണം, വിപണനം എന്നീ ആവശ്യങ്ങൾക്കുള്ള വായ്പകൾ ഇവയ്ക്കുമാത്രമായി നികുതിയിളവ് പരിമിതപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന നിരവധി പ്രാഥമിക സഹകരണബാങ്കുകളെ ഈ നിയമത്തിന്റെ നിർവ്വചനത്തിൽപ്പെടുത്തിയതിനാൽ എല്ലാവിധ വരുമാനങ്ങൾക്കും ആദായനികുതി നൽകേണ്ട സ്ഥിതിയാണ്. പരിമിതമായ ലാഭത്തിലോ നഷ്ടത്തിലോ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ ആദായനികുതി കൊടുക്കേണ്ട സാഹചര്യമുണ്ടായാൽ ബുദ്ധിമുട്ടിലാകും. പ്രത്യക്ഷനികുതി ബില്ലിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കു

കളേയും സഹകരണ സംഘങ്ങളേയും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേന്ദ്രഗവൺമെന്റിന്റെ പ്രത്യക്ഷ നികുതി ബിൽ, 2010 സംസ്ഥാനത്ത് ഗുരുതരമായ പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളേയും കാർഷിക വികസന ബാങ്കുകളേയും എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളേയുംകൂടി ആദായനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ആദായനികുതിയിൽനിന്നും ഇന്ത്യയിലെ സഹകരണ സംഘങ്ങളെ ആദ്യം ഒഴിവാക്കിയിരുന്നു. 2006-2007-ലാണ് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ആദായനികുതി നിജപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തിയത്. തുടർന്ന് ആദായനികുതി നൽകേണ്ടവരുടെ പട്ടികയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളേയും പ്രാഥമിക കാർഷിക വികസന ബാങ്കുകളേയും ഉൾപ്പെടുത്തി. 2012 ഏപ്രിൽ മുതൽ പ്രസ്തുത സ്ഥാപനങ്ങൾ ആദായനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. ലാഭമുള്ള എല്ലാ സംഘങ്ങളും റിസർവ്വായി മാറ്റിവയ്ക്കേണ്ട തുക കണക്കിലെടുക്കാതെ, ആദ്യ അസ്സസ്മെന്റിലെ പ്രാഥമിക ലാഭത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചെലവും കണക്കിലെടുക്കാതെ, മൊത്തം വരുമാനത്തിന്റെ ഏതാണ്ട് 30 ശതമാനം നികുതിയിനത്തിൽ ഈടാക്കാനുള്ള വ്യവസ്ഥയാണ് ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രാഥമിക കാർഷിക സഹകരണസംഘത്തിന്റെ നിർവ്വചനത്തിൽ വോട്ടവകാശം കാർഷികവും അനുബന്ധ പ്രവൃത്തികളും ചെയ്യുന്നവർക്കുമാത്രമായി നിജപ്പെടുത്തിയിരിക്കുന്നതുമൂലം സംഘങ്ങളിലെ

അംഗത്വം മൂന്നിലൊന്നായി ചുരുങ്ങും. സഹകരണ വായ്പാമേഖലയിലെ പ്രതിസന്ധി രൂക്ഷമാക്കുന്നതും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതുമായ ഈ നടപടിയിൽനിന്നും കേന്ദ്രസർക്കാർ പിന്തിരിയണം. നിർദ്ദിഷ്ട ബില്ലിൽ നിന്നും എടുത്തുമാറ്റിയ 80 (പി) വകുപ്പ് പുനഃസ്ഥാപിച്ചു കിട്ടുന്നതിനും 85, 86 എന്നീ വകുപ്പുകൾ ബില്ലിൽ നിന്ന് നീക്കം ചെയ്യുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അത് നടക്കാത്തപക്ഷം സംസ്ഥാന സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിന് പുതിയ നിയമമുണ്ടാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്.

## സബ്മിഷൻ

### (1) റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. ജോർജ് മേഴ്സിയർ: അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും അക്കാഡമിക്ക് നിലവാരത്തകർച്ചയും കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സംസ്ഥാനത്തെ പത്ത് ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളിൽ ഇംഗ്ലീഷ്, ജീവശാസ്ത്രം അദ്ധ്യാപകർ, വാർഡൻ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സിലബസ് പുതുക്കി നിശ്ചയിക്കുന്നതിനും കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള): സംസ്ഥാനത്തെ പത്ത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ ഭരണപരമായ ഉത്തരവാദിത്തം ജില്ലാ പഞ്ചായത്തുകൾക്കാണ്. പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി ഫിഷറീസ് വകുപ്പ് ടി.ആർ.പി. സ്കീമിൽ ഉൾപ്പെടുത്തി 246.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക

ഉപയോഗിച്ച് വിവിധ സ്കൂൾ കെട്ടിടങ്ങൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സ്കൂളുകളുടെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിന് സിലബസ് പരിഷ്ക്കരണ കമ്മിറ്റി തയ്യാറാക്കിയ ആക്ഷൻ പ്ലാൻ എസ്.സി.ഇ.ആർ.ടി.-ക്ക് സമർപ്പിക്കുകയും എസ്.സി.ഇ.ആർ.ടി.-യുടെ നിർദ്ദേശാനുസരണം 8, 9, 10 എന്നീ ക്ലാസ്സുകളിലെ സിലബസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(2) <u>സ്കൂൾ വാൻ മറിഞ്ഞ് കുട്ടികൾ മരണപ്പെട്ട സംഭവം</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: തിരുവനന്തപുരം പേട്ട ലിറ്റിൽ ഹാർട്ട്സ് കിന്റർഗാർട്ടന്റെ വാൻ 17-02-2011-ന് പാർവ്വതിപുത്തനാറിലേയ്ക്ക് മറിഞ്ഞ് മരണമടഞ്ഞ കുട്ടികളുടെ കുടുംബങ്ങൾക്ക് പരമാവധി സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>): ഇന്നലെ തിരുവനന്തപുരം പേട്ട ലിറ്റിൽ ഹാർട്ട്സ് കിന്റർഗാർട്ടൻ വക വാൻ പാർവ്വതി പുത്തനാറിലേയ്ക്ക് മറിഞ്ഞ് കുട്ടികൾ അടക്കം മരണമടഞ്ഞ ആറുപേരുടെ കുടുംബാംഗങ്ങൾക്ക് അയ്യായിരം രൂപ വീതം ധനസഹായം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ ധനസഹായം നൽകുന്ന കാര്യം അടുത്ത മന്ത്രിസഭാ യോഗത്തിൽ പരിഗണിക്കുന്നതാണ്. അപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് തിരുവനന്തപുരം റേഞ്ച് ഐ.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഇന്നലെ അപകടം നടന്ന പാർവ്വതീ പുത്തനാർ തോടിന്റെ സമീപത്തെ റോഡിന് സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതോടൊപ്പം സ്കൂൾ വാഹന

ങ്ങളെ സംബന്ധിച്ച് സുപ്രീംകോടതി നൽകിയിട്ടുള്ള ഡയറക്ഷൻ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയും വേണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തോമസ് ഐസക്): ഇലക്ഷൻ പ്രഖ്യാപിക്കുന്നതിന് മുമ്പ് തന്നെ പാർവ്വതീ പുത്തനാർ തോടിന്റെ അരികിലെ റോഡിന് സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്.

(3) കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സ്ഥലത്ത് അനുയോജ്യമായ പദ്ധതികൾ

ശ്രീ. എ.കെ. ശശീന്ദ്രൻ: ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പുറക്കാട്ടിരിയിലുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സ്ഥലവും കെട്ടിടവും സമൂഹത്തിന് പ്രയോജനപ്പെടുന്ന വിധത്തിലുള്ള പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേന്ദ്ര ഗവൺമെന്റിന്റെ 'ആയുഷ്' ഡിപ്പാർട്ട്മെന്റിൽ നിന്നും കുറച്ച് ഫണ്ട് കിട്ടിയിട്ടുള്ളത് ഉപയോഗപ്പെടുത്തിക്കൊണ്ട് കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ന്റെ നേതൃത്വത്തിൽ ഒരു ആയുർവേദ ആശുപത്രിയും ഒരു മാസിയർ കോഴ്സ് ട്രെയിനിംഗ് സെന്ററും നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) തുറവൂർ-തിരുമല ക്ഷേത്രത്തിൽ നടന്ന മോഷണം

ശ്രീ. എ.എ. ഷുക്കൂർ: ആലപ്പുഴ അനന്തനാരായണപുരം തുറവൂർ-തിരുമല ദേവസ്വത്തിലെ വിഗ്രഹത്തിൽ ചാർത്തിയിരുന്ന രണ്ട് സ്വർണ്ണമാലകൾ മോഷണം പോയത് സംബന്ധിച്ച അന്വേഷണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കു വേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കുത്തിയതോട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അനന്ത നാരായണപുരം തുറവൂർ-തിരുമല ദേവസ്വത്തിൽ വിഗ്രഹത്തിലെ പ്രഭാവലയ ത്തിൽ ചാർത്തിയിരുന്ന 37.70 ഗ്രാം തൂക്കം വരുന്ന ഒരു സ്വർണ്ണമാലയും 8 ഗ്രാം തൂക്കം വരുന്ന മറ്റൊരു മാലയും മോഷണം പോയത് സംബന്ധിച്ച അന്വേഷണം കുത്തിയതോട് പോലീസ് എസ്.ഐ. നടത്തിവരികയാണ്. പ്രതി കളെ എത്രയുംവേഗം പിടികൂടുന്നതിനായി ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

(5) ടൂറിസ്റ്റ് സെന്റർ

ശ്രീ. ആർ. സെൽവരാജ്: വെള്ളറട തെക്കൻ കുരിശുമല തീർത്ഥാടന കേന്ദ്രം ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കുകയും തീർത്ഥാടന ദിവസമായ 2011 ഏപ്രിൽ 9-ന് പ്രാദേശിക അവധി പ്രഖ്യാപിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കു വേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): നിലവിലുള്ള നിയമമനുസരിച്ച് ഒരു പ്രത്യേക പ്രദേശത്തെ തീർത്ഥാടന ടൂറിസം സെന്ററായി ടൂറിസം വകുപ്പ് പ്രഖ്യാപിക്കാറില്ല. കുരിശുമല തീർത്ഥാടന കേന്ദ്രത്തെ ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(6) മെയിന്റനൻസ് തുക നൽകുന്നതിലെ കാലതാമസം

ശ്രീ. ബാബു പോൾ: കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മൂവാറ്റുപുഴ ഡിവിഷനിലെ മെയിന്റനൻസ് കരാറുകാർക്ക് നൽകാനുള്ള

2,30,00,000 രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്ത് അവരുടെ പണിമുടക്ക് അവസാനിപ്പിക്കുന്നതിനും 5 അസംബ്ലി നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുന്ന മൂവാറ്റുപുഴ ഡിവിഷന് അനുവദിക്കുന്ന മെയിന്റനൻസ് തുക ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കേരള വാട്ടർ അതോറിറ്റിയുടെ മൂവാറ്റുപുഴ ഡിവിഷന് കീഴിൽ അഞ്ച് അസംബ്ലി നിയോജകമണ്ഡലങ്ങൾ ഉണ്ടെങ്കിലും അതിന് ആനുപാതികമായ ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ല. 2010-11 വർഷം ബഡ്ജറ്റ് വിഹിതമായി 143.65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 129.02 ലക്ഷം രൂപ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച് മുൻഗണനാക്രമത്തിൽ കരാറുകാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഡിവിഷന് അറ്റകുറ്റപ്പണികൾക്കായി ഒരു വർഷം 241 ലക്ഷം രൂപയോളം വേണ്ടിവരും. ഈ ഇനത്തിൽ 233.5 ലക്ഷം രൂപയുടെ ബില്ലുകൾ 2009 ആഗസ്റ്റ് മാസം മുതൽ കുടിശ്ശികയാണ്.

(7) ഗസറ്റ് വിജ്ഞാപനത്തിലെ അപാകതകൾ

ശ്രീമതി ജെ. അരുന്ധതി: വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിലെ പേരയം പ്രദേശത്തെ 1183 മുതൽ 1187 വരെയുള്ള സർവ്വേ നമ്പരിൽപ്പെട്ട തനത് വസ്തുക്കൾ ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാർ ഭൂമിയായി നമ്പരിട്ട് വന്നിരിക്കുന്നു. ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): 2010-ൽ ഭൂമിയുടെ താരിഫ് സംബന്ധിച്ച് പുറത്തിറക്കിയ

വിജ്ഞാപനത്തിൽ തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ വസ്തുക്കളിൽ ചിലത് സർക്കാർ ഭൂമിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കക്ഷികളിൽനിന്ന് ലഭിക്കുന്ന അപേക്ഷകളുടേയും അല്ലാതെ ലഭിക്കുന്ന അറിവിന്റേയും അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് പ്രസ്തുത പിശക് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. 2010-ൽ പ്രസിദ്ധീകരിച്ച അന്തിമ ഫെയർ വാല്യു നിയമം അനുസരിച്ച് തിരുവനന്തപുരത്തും മറ്റ് ജില്ലകളിലും ഈ അപാകതയ്ക്ക് പുറമേ സർവ്വേ നമ്പരിലേയും ഭൂമിയിലെ ഇനം, തരം എന്നിവ രേഖപ്പെടുത്തിയതിലേയും വ്യത്യാസങ്ങൾ ഉൾപ്പെടെ എല്ലാ പോരായ്മകളും പരിശോധിച്ച് ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിച്ചുവരുന്നു. വിജ്ഞാപനത്തിലെ മറ്റ് ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് അപ്പീൽ സമർപ്പിക്കുന്നതിനുള്ള സമയവും നൽകിയിട്ടുണ്ട്.

(8) <u>ചരിത്ര പൈതൃക പഠന കേന്ദ്രം</u>

<u>ശ്രീ. എം. കെ. പ്രേംനാഥ്</u>: വടക്കൻപാട്ടിന്റെ ചരിത്ര സംഭവങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും വടകര തച്ചോളി മാണിക്കോത്ത് തറവാട് ഒരു ചരിത്ര സ്മാരകമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): വടക്കൻപാട്ടുകൾക്ക് പ്രസിദ്ധമായ വടകരയിലെ ലോകനാർകാവ് ക്ഷേത്രം സംസ്ഥാന പുരാവസ്തു വകുപ്പ് സമുച്ചയ സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. വടക്കൻപാട്ടുകളെക്കുറിച്ച് നിരവധി പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. വടക്കൻപാട്ടുകൾ ഉൾപ്പെടെ കേരളത്തിലെ നാടൻപാട്ടുകളെക്കുറിച്ച് പഠനം

നടത്തുന്നതിന് ഫോക്‌ലോർ അക്കാദമിയിൽ പ്രത്യേക പഠന ഗവേഷണ വിഭാഗം സ്ഥാപിക്കുന്നതാണ്.

(9) പൂജാരിമാർക്ക് ക്ഷേമനിധി

ശ്രീമതി പി. അയിഷാ പോറ്റി: സ്വകാര്യ ക്ഷേത്ര ജീവനക്കാർക്കുവേണ്ടി രൂപീകരിക്കുന്ന ക്ഷേമനിധിയിൽ പൂജാരിമാരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 1989-ലെ ഹൈക്കോടതി വിധി അനുസരിച്ച് പൂജാരിമാരെ വർക്ക്മാൻമാരായി പരിഗണിക്കാത്തതിനാൽ അവരെ ക്ഷേമനിധിയൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

## റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനം നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആയിരിക്കണമെന്ന് യാതൊരു നിബന്ധനയുമില്ലെന്നും അങ്ങനെ എടുക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറയുകയുണ്ടായി. കേന്ദ്ര നിയമമായ 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്റ്റിലെ സെക്ഷൻ (4) അനുസരിച്ച് വേക്കൻസികൾ നോട്ടിഫൈ ചെയ്യണമെന്ന് വ്യക്തമാക്കു

ന്നുണ്ട്. പീനൽ ക്ലാസിലും സബ്റൂളിലും ഇക്കാര്യം പറയുന്നുണ്ട്. ഈ നിയമം അംഗീകരിക്കില്ല എന്ന് മന്ത്രി സഭയിൽ പറഞ്ഞിരിക്കുന്നത് ഓർഡറിലാണോ യെന്ന് വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഫാക്ടറി തൊഴിലാളികളുടെ റിക്രൂട്ട്മെന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെയാണ് നടത്തിയിരുന്നത്. പരസ്യംചെയ്ത് എല്ലാവർക്കും തുല്യമായ അവസരം നൽകിക്കൊണ്ട് മാത്രമേ നിയമനം നടത്താവൂയെന്ന് കോടതി വിധികളുണ്ടായിട്ടുണ്ട്. 2001 മുതൽ 2006 വരെയുള്ള സർക്കാരിന്റെ കാലത്ത് പല പൊതുമേഖലാ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ പരസ്യം ചെയ്തും അല്ലാതെയും ആളുകളെ നിയമിച്ചിട്ടുണ്ട്. കാഷ്വലായിട്ടോ കരാറടിസ്ഥാനത്തിലോ ഫാക്ടറികളിൽ ദീർഘകാലം പണിയെടുക്കുന്നവരെ സ്ഥിരപ്പെടുത്തണമെന്നുള്ളത് ട്രേഡ് യൂണിയന്റെ അവകാശമാണ്. 10 വർഷത്തിൽ താഴെ സർവ്വീസുള്ളവരേയും നിയമനം പി.എസ്.സി-ക്ക് വിട്ടിട്ടുള്ള സ്ഥാപനങ്ങളിലും അത്തരത്തിലുള്ള പരിഗണന നൽകില്ലെന്നാണ് സർക്കാർ തീരുമാനം. അനാവശ്യമായ ആശയക്കുഴപ്പം സൃഷ്ടിക്കാനുള്ള ശ്രമമാണിത്. ഈ തടസ്സവാദം നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ : ഇതുസംബന്ധിച്ച് ശ്രീ. കെ.എം. മാണിയും ക്രമപ്രശ്നമുന്നയിക്കാൻ എഴുതിത്തന്നിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി തൃപ്തികരമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്റ്റ് നിലവിലുള്ളപ്പോൾത്തന്നെ വന്നിട്ടുള്ള കോടതി വിധികളുടേയും കീഴ്വഴക്കങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇവിടെ നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന

ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്ക്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ

(ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്ക്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ബിൽ അംഗീകരിക്കുന്നില്ല.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : ഈ സഭയുടെ ഇന്നലെകളിൽ ഉണ്ടായിരുന്നവരും ഇന്ന് ജീവിച്ചിരിപ്പില്ലാത്തവരും ഉയർത്തിയ വിശ്വാസ പ്രത്യയശാസ്ത്രങ്ങളുടെ അഗ്നിജ്വാലകൾ മരണാനന്തരം കെടാതെയും മങ്ങാതെയും സൂക്ഷിക്കാനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഭരണഘടനയുടെ മൂല്യങ്ങൾ സൂക്ഷിച്ചെങ്കിൽ മാത്രമേ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഭീകരവാദത്തെ തടയാൻ സാധിക്കുകയുള്ളൂ. ഈ ബിൽ പാസ്സാകുന്നതുവഴി സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾക്കുകൂടി മതേതരത്വം ഉറപ്പാക്കിക്കൊടു

ക്കാൻ സാധിക്കും. സാമൂഹ്യനീതിയിൽ ഊന്നിയുള്ള ഒരു ബില്ലാണിത്. ഈ നിയമം വിശ്വാസിയും അവിശ്വാസിയുമടക്കം എല്ലാവരുടേയും വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുന്നതാണ്. ഇന്ത്യൻ ഭരണഘടന വ്യക്തികളുടെ ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനുമുള്ള സ്വാതന്ത്ര്യവും അന്തസ്സും ഉറപ്പുവരുത്തുന്നു. വിശ്വാസികളും അവിശ്വാസി കളുമടക്കമുള്ളവരുടെ വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. പ്രാകൃത മതബോധവും സ്വാതന്ത്ര്യ നിരാസവും ഭയവുമാണ് മൃതദേഹ സംസ്ക്കരണത്തിന് മനുഷ്യ സമൂഹത്തെ ഇന്നും പ്രേരിപ്പിക്കുന്നത്. നേത്രദാനം, അവയവദാനം, മൃതദേഹം വൈദ്യപഠനത്തിന് വിട്ടുകൊടുക്കൽ എന്നിവ മരണാനന്തരം ഉറപ്പുവരുത്തുന്നതിനും കൂടിയുള്ള ബില്ലാണ് ഇത്. മരണത്തിനുമുമ്പ് ഒരു വ്യക്തിയേയോ സംഘടനയേയോ പിന്തുടർച്ചാവകാശിയായി നാമനിർദ്ദേശം ചെയ്യാവുന്നതും അവർ ഇത് ലംഘിക്കുകയാണെങ്കിൽ 10000 രൂപ പിഴയോ മൂന്നുമാസത്തിൽ കുറയാത്ത തടവോ രണ്ടുംകൂടിയോ നൽകാനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇക്കാര്യങ്ങളുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ രജിസ്ട്രാർമാരെ ചുമതലപ്പെടുത്താവുന്നതുമാണ്. ഈ നിയമം നടപ്പിലാക്കുന്നതുവഴി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും വരുന്നതല്ല. മതബന്ധിയായ ചടങ്ങുകൾ ഉപേക്ഷിച്ച് മൃതദേഹം മതാതീത മാനവികതയോടെ സംസ്ക്കരിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാൻ കൂടിയാണ് ഈ ബിൽ. നാടിന്റെ സാംസ്ക്കാരിക സ്പന്ദനം തിരിച്ചറിയേണ്ടതുണ്ട്. നവോത്ഥാന നായകന്മാരുടെ സ്വപ്നങ്ങൾപോലും

സഫലമാകാത്ത സാഹചര്യത്തിൽ ഈ ബില്ലിന്റെ പ്രസക്തി ഏറെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുശ്മശാന ങ്ങളിലെങ്കിലും മതത്തിനതീതമായി മൃതദേഹം സംസ്ക്കരിക്കാൻ സാധിക്കണം. ഭരണഘടനയുടെ അനുച്ഛേദം 29 പ്രഘോഷിക്കുന്നത് ഭിന്നമായ ഒരു ഭാഷയോ സംസ്ക്കാരമോ സ്വന്തമായുള്ള ഏതൊരു വിഭാഗത്തിനും അത് സംരക്ഷിക്കാൻ അവകാശമുണ്ടായിരിക്കുമെന്നാണ്. മനുഷ്യ ജീവിതത്തിന്റെ സമഗ്രതയെ സ്പർശിക്കുന്നതാണ് ഈ ബിൽ. പൊതു ഉടമസ്ഥതയിലുള്ള ശ്മശാനങ്ങളിൽ മതത്തിനതീതമായി മൃതദേഹം അടക്കം ചെയ്യാനുള്ള അവസ്ഥ ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്ത് നിരവധി ആളുകൾ ഇത്തരത്തിലുള്ള വ്യഥ അനുഭവിക്കുന്നവരാണെന്ന നിലയിൽ ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. തങ്ങളുടെ ആഗ്രഹത്തിനും ജീവിതശൈലിക്കും വിരുദ്ധമായ മതാചാരശാസനാനുസൃതമായ സംസ്ക്കരണത്തിന് വിധേയമാക്കപ്പെടുന്ന അവസ്ഥ മാറ്റേണ്ടതുണ്ട്. വിവിധ മതങ്ങളിൽ പരസ്പര വിരുദ്ധമായതും അന്ധവിശ്വാസങ്ങൾ നിറഞ്ഞതും ചെലവേറിയതുമായ ചടങ്ങുകളിലൂടെ മൃതദേഹ സംസ്ക്കരണം നടത്തിക്കൊണ്ടിരിക്കുന്നത് തടയണം. ഇച്ഛയ്ക്കനുസ രിച്ച് തികച്ചും മതനിഷ്ഠയോടെയുള്ള മൃതദേഹ സംസ്ക്കരണം നടത്തുന്നത് അപഹാസ്യമായതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): ഇത്തരത്തിൽ ഒരു പ്രത്യേക നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

## (ii) 2010-ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി, എം.എൽ.എ. നോട്ടീസ് നൽകിയത്)

ശ്രീ എം. മുരളി: 2010-ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രമേയത്തെ പിന്താങ്ങുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): മൺപാത്ര നിർമ്മാണത്തൊഴിലാളികൾ 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാണ്, അതുവഴിയുള്ള എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾത്തന്നെ അവർക്ക് ലഭിക്കുന്നുണ്ട്. ഇതിനു പുറമേ മൺപാത്രനിർമ്മാണത്തൊഴിലാളി ക്ഷേമനിധി പദ്ധതിക്ക് രൂപം നൽകാൻ പോകുകയാണ്. അതുകൊണ്ട് ഒരു പ്രത്യേക നിയമത്തിന്റെ ആവശ്യമില്ല.

ശ്രീ.എം.മുരളി: പരമ്പരാഗതമേഖലയിൽ ഏതാണ്ട് രണ്ടുലക്ഷത്തോളം കുടുംബങ്ങൾ കുലത്തൊഴിൽ എന്ന നിലയിലാണ് മൺപാത്ര നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഇവർ ഇന്ന് കടുത്ത പ്രതിസന്ധി യിലാണ്. മൺപാത്രനിർമ്മാണത്തൊഴിലാളി ക്ഷേമനിധി എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകുമ്പോൾ അത് അനുദിനം തകരുന്ന ഈ മേഖലയേയും ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളേയും ഈ പാരമ്പര്യ തൊഴിൽ മേഖലയേയും സംരക്ഷിക്കാനുതകുന്ന സ്കീമായി മാറണം. ഇന്ന് ഉൽസവ സീസണുകളിൽ മാത്രമാണ് മൺപാത്ര ഉൽപന്നങ്ങൾ വിറ്റുപോകുന്നത്. സർക്കാരിന്റെ പുതിയ സ്കീമിൽ രാജ്യത്തിനകത്തും പുറത്തും മൺപാത്രങ്ങളും അനുബന്ധ ഉൽപന്നങ്ങളും ഉൽപാദിപ്പിക്കാനും

വിപണനം നടത്താനുമുള്ള സാഹചര്യം ഉണ്ടാകണം. അസംസ്കൃത വസ്തുക്കളായ കളിമണ്ണിന്റേയും ചെളിയുടേയും ദൗർലഭ്യവും അത് ലഭ്യമാക്കുന്നതിനുള്ള നിയമതടസ്സങ്ങളും ഈ മേഖലയെ തകർക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മൺപാത്രങ്ങളും കളിമൺ പാത്രങ്ങളും വരുന്നതും ഈ പാരമ്പര്യത്തൊഴിൽ മേഖലയെ ബുദ്ധിമുട്ടിക്കുന്നു. പുതിയ ക്ഷേമനിധിയിൽ മൺപാത്ര നിർമ്മാണത്തൊഴിലാളികളെ ഉൾപ്പെടുത്തിയ കാര്യം അവർക്ക് അറിയാനുള്ള സാധ്യതയുണ്ടാകണം. മിതമായ വിലയ്ക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാൻ കഴിയണം. സമൂഹത്തിൽ സാമ്പത്തികമായും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഈ സമുദായത്തിന്റെ സംവരണാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും വ്യവസ്ഥകളുണ്ടാകണം. ഈ പരമ്പരാഗത തൊഴിൽമേഖലയിൽ ഇന്ന് നിലനിൽക്കുന്ന നിയമപരമായ തടസ്സങ്ങൾക്ക് ഇളവ് അനുവദിച്ചുകൊടുക്കുകയും തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യണം. ചട്ടി, കലം എന്നിവ നിർമ്മിക്കുന്നവർക്ക് ആധുനിക ഉൽപ്പന്നങ്ങളുമായി മൽസരിക്കാനുള്ള മൽസരക്ഷമത ഉണ്ടാക്കിക്കൊടുക്കുകയും പൂച്ചട്ടി, ഓട് വ്യവസായത്തെ സംരക്ഷിക്കുകയും വേണം. ഈ മേഖലയിൽ കൗതുക-അലങ്കാര വസ്തുക്കൾ നിർമ്മിച്ച് വിദേശനാണ്യം നേടിയെടുക്കാനും കഴിയണം. മൺപാത്രനിർമ്മാണം കലങ്ങളിലും ചട്ടികളിലും മാത്രം ഒതുക്കിനിർത്താതെ വ്യാവസായികാടിസ്ഥാനത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പുതിയ പദ്ധതികൾ തയ്യാറാക്കണം. സഭയിൽ പൊതുവിൽ വന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ക്ഷേമനിധി കൊണ്ടുവന്ന് മൺപാത്രത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് തൊഴിൽവകുപ്പ് മുൻകയ്യെടുക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പ്രസ്തുത തൊഴിലാളികൾക്കുകൂടി ആനുകൂല്യം നൽകുന്ന വിവിധ തൊഴിലാളി ക്ഷേമനിധികൾ നിലവിലുള്ളപ്പോൾ പ്രത്യേക ക്ഷേമനിധിയുടെ ആവശ്യമില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

## (iii) 2011-ലെ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി ആന്റ് സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ബിൽ

(ശ്രീ. എം. മുരളി, എം.എൽ.എ. നോട്ടീസ് നൽകിയത്)

ശ്രീ. എം. മുരളി: 2011-ലെ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി ആന്റ് സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ഓണാട്ടുകര, അപ്പർ കുട്ടനാട്, ലോവർ കുട്ടനാട് പ്രദേശങ്ങളുൾക്കൊള്ളുന്ന കുട്ടനാട് മേഖലയ്ക്ക് ഒരു വികസന പാക്കേജ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാനതല മേൽനോട്ടം വഹിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി പ്രോസ്പിരിറ്റി കൗൺസിലും ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥ സംവിധാനവും ജില്ലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടറും മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ ഈ പ്രോജക്ടിന്റെ മൊത്തത്തിലുള്ള നടത്തിപ്പിന് ഒരു സ്പെഷ്യൽ ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനങ്ങൾ നിലനിൽക്കെ പുതിയൊരെണ്ണം കൊണ്ടുവരികയാണെങ്കിൽ രണ്ടും തമ്മിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ

തടസ്സപ്പെടാനുമിടയുണ്ട്. കുട്ടനാട് സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ എന്ന ഡോ.എം.എസ്. സ്വാമിനാഥൻ കമ്മിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റുമായും കമ്മീഷനുമായും സംസ്ഥാന ഗവൺമെന്റ് ചർച്ചകൾ നടത്തിവരികയാണ്. കുട്ടനാട് വികസനപാക്കേജ് നട പ്പാക്കുന്നതോടുകൂടി അവിടെയുണ്ടാകാനിടയുള്ള പാരിസ്ഥിതിക, കാർഷിക സംരക്ഷണത്തിനുള്ള നക്കൽ ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. പാക്കേജിന്റെ നടത്തിപ്പിന് മതിയായ സംവിധാനങ്ങൾ നിലനിൽക്കെ പുതിയൊരു ഡെവലപ്മെന്റ് അതോറിറ്റിയുടെ ആവശ്യമില്ല.

<u>ശ്രീ. എം. മുരളി</u>: കുട്ടനാട് വികസന പാക്കേജിന്റെ സ്റ്റഡി റിപ്പോർട്ടിൽ 1840 കോടി രൂപയാണ് പ്രൊപ്പോസ് ചെയ്തിരുന്നതെങ്കിലും സംസ്ഥാന ഗവൺമെന്റ് 3544 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുകഴിഞ്ഞു. പ്രസ്തുത പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിക്കഴിയു മ്പോൾ 4000 കോടി രൂപയാകും. കുട്ടനാട് ഒരു സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ആക്കുന്നതിന് പാക്കേജിൽ 15 കോടി രൂപ നീക്കിവയ്ക്കണമെന്ന പഠനറിപ്പോർട്ടിലെ പ്രസക്ത നിർദ്ദേശമാണ് ബില്ലായി അവതരിപ്പിച്ചത്. വളരെയേറെ സവിശേഷതകളുള്ളതും കേരളത്തിന്റെ നെല്ലറയുമായ കുട്ടനാട് കാർഷിക മേഖലയുടെ സമഗ്രമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെങ്കിൽ ഈ ബിൽ അംഗീകരിക്കണം. കാർഷിക മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മറികടക്കണമെങ്കിൽ കുട്ടനാടിനെ ഒരു സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ആയി പ്രഖ്യാപിക്കണം. ഇതിനായി ഒരു പ്രത്യേക നിയമനിർമ്മാണം അത്യാവശ്യമാണ്. കർഷകരുടേയും കർഷകത്തൊ ഴിലാളികളുടേയും താൽപര്യം സംരക്ഷിച്ചുകൊണ്ട് കുട്ടനാട് പാക്കേജും

അതുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകളും  കുറ്റമറ്റതായി നടപ്പിലാക്കാൻ സാധിക്കണം. കുട്ടനാട് മൂന്ന് മേഖലയായി കിടക്കുന്ന സാഹചര്യത്തിൽ മങ്കൊമ്പിലെ ഒരു ഓഫീസ് കൊണ്ടുമാത്രം കുട്ടനാട് പാക്കേജ് ഭംഗിയായി നടപ്പിലാക്കാൻ സാധിക്കില്ല. ഓണാട്ടുകരയ്ക്ക് സെപ്പറേറ്റായി ഒരു പാക്കേജും ഒരു അതോറിറ്റിയുമുണ്ടാകണം. സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ എന്ന എം.എസ്. സ്വാമിനാഥന്റെ ആശയം സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണം. കുട്ടനാട് പാക്കേജ് നടപ്പിലാക്കാൻ ഒരു പ്രത്യേക സംവിധാനം എന്ന നിലയിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ട്മെന്റുകളുടേയും കോ-ഓർഡിനേഷനോടുകൂടി ഒരു അതോറിറ്റി രൂപീകരിക്കണം. തെരഞ്ഞെ ടുപ്പ് പ്രഖ്യാപിക്കുന്നതിനുമുമ്പ് സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ സംബന്ധിച്ച ഒരു വിജ്ഞാപനം പുറപ്പെടുവിക്കാനും ഒരു അതോറിറ്റി രൂപീകരി ക്കാനും ഗവൺമെന്റ് തയ്യാറായാൽ മാത്രമേ ഇത് പ്രായോഗികമായി നടപ്പിലാ ക്കാൻ സാധിക്കുകയുള്ളൂ.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കുട്ടനാട് പാക്കേജിന്റെ അന്നത്തെ പ്രോജക്ട് കോസ്റ്റ് 1840 കോടി രൂപയായിരുന്നു. ഇപ്പോൾത്തന്നെ 3500 കോടിയിലധികം രൂപയുടെ പ്രോജക്ട് സമർപ്പിച്ചതിൽ 1000-ത്തിലധികം കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും 59 കോടി രൂപ റിലീസ് ചെയ്യുകയും 28 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. എം. എസ്. സ്വാമിനാഥൻ കമ്മിറ്റി നിർദ്ദേശിച്ച മൂന്ന് ഇംപ്ലിമെന്റേഷൻ സംവിധാനങ്ങളുണ്ട്. നയപരമായ തീരുമാന മെടുക്കുന്നതിനും കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുന്നതിനുമായാണ് മുഖ്യമന്ത്രി ചെയർമാനും എം.പി., എം.എൽ.എ., ബന്ധപ്പെട്ട ജില്ലാ

കളക്ടർമാർ, ജില്ലാ പ്രസിഡന്റുമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളുമായ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ രൂപീകരിച്ചത്. ഇക്കാര്യങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഉദ്യോഗസ്ഥ സംവിധാനവും നടപ്പാക്കൽ പ്രക്രിയയ്ക്ക് നേതൃത്വം നൽകുന്ന എ.പി.സി. ചെയർമാനായ ഒരു സംവിധാനവുമുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും അതിന്റെ കുറവുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ അറിയിക്കുന്നതിനുമുള്ള സംവിധാനം മങ്കൊമ്പ് കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കർഷകർകൂടി ഉൾപ്പെടുന്ന ഒരു സംവിധാനം മോണിറ്ററിംഗിൽ വേണമെന്ന ആവശ്യം ഉയർന്നുവരികയും അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനങ്ങൾ കൂടാതെ ഒരു പുതിയ സംവിധാനം വരുന്നത് ഈ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതിന് തടസ്സമാകുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. 2010-ൽ കേന്ദ്ര സർക്കാർ വെറ്റ്ലാൻഡ് കൺസർവേഷൻ ആന്റ് മാനേജുമെന്റ് റൂൾസിന്റെ അടിസ്ഥാനത്തിൽ വേമ്പനാട്ടു കായലുമായി ബന്ധപ്പെട്ട് തണ്ണീർത്തടങ്ങൾക്കായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പലവിധ പരിരക്ഷയ്ക്കകത്ത് നിൽക്കുന്ന സംവിധാനമാണ് ലോവർ കുട്ടനാടും അപ്പർ കുട്ടനാടും. ആ സംവിധാനത്തെയാണ് സ്വാമിനാഥൻ ഒരു പ്രത്യേക അഗ്രിക്കൾച്ചർ സോണായി പരിഗണിക്കണമെന്ന് പറഞ്ഞിട്ടുള്ളത്. അതിനെക്കുറിച്ച് സർക്കാർ ആലോചിക്കുകയും സ്വാമിനാഥനുമായി ചർച്ച ചെയ്യുകയും പഠനം വേണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണിനായി ഒരു മാതൃനിയമം ഇൻഡ്യയിലില്ല. വേറെ എവിടെയുമില്ലാത്ത

ഒരു സംവിധാനം കൊണ്ടുവരുമ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുണ്ട്. ഏതൊക്കെ പ്രദേശം അതിനകത്ത് ഉൾപ്പെടുത്തണമെന്ന് കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ട് ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതില്ല. ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്നു.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

(iv) 2010-ലെ കേരള മൃഗപരിപാലക ക്ഷേമനിധി ബിൽ

(ശ്രീ. വി.എസ്. സുനിൽ കുമാർ നോട്ടീസ് നൽകിയത്)

ശ്രീ. വി.എസ്. സുനിൽ കുമാർ : 2010-ലെ കേരള മൃഗപരിപാലക ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.കെ. ചന്ദ്രൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : മൃഗ പരിപാലന മേഖലയിൽ സർക്കാർ ധാരാളം പരിപാടികൾ ആവിഷ്ക്കരിക്കു കയും ആവശ്യമായ സഹായം നിരന്തരമായി നൽകുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ട് ഇത്തരത്തിൽ ഒരു ബിൽ അംഗീകരിക്കേണ്ടതി ല്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. വി.എസ്. സുനിൽ കുമാർ : മൃഗസംരക്ഷണ മേഖല ഇന്ന് രൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. മൃഗപരിപാലന മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം പരിമിതപ്പെട്ടുവരുന്ന സാഹചര്യമാണിന്നുള്ളത്. ഈ മേഖലയിൽ ആകർഷകമായ സേവന-വേതന വ്യവസ്ഥകളോ ക്ഷേമനിധി കളോ ഇല്ലാത്തതാണ് പ്രധാന കാരണം. ഈ രംഗത്തേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കുന്നവിധത്തിൽ ആധുനിക പരിശീലനം നൽകുകയും

മൃഗപരിപാലന തൊഴിലാളികളുടെ ക്ഷേമം, കൂലി എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. ഈ ബില്ലിനെ വളരെ ഗൗരവമായി ഗവൺമെന്റ് കാണണം. പാർശ്വവൽക്കരിക്കപ്പെടുന്ന ഈ ജനവിഭാഗത്തിനുവേണ്ടി സത്വരമായ നടപടികളും ശാസ്ത്രീയമായ സമീപനങ്ങളുമുണ്ടായാൽ ഈ മേഖലയിലേയ്ക്ക് പുതിയ തലമുറ കടന്നുവരാനുള്ള സാധ്യതയുണ്ടാകും. മൃഗപരിപാലന രംഗത്തുള്ളവർക്ക് കഠിനമായ ജോലിയാണ് ചെയ്യേണ്ടിവരുന്നത്. വ്യക്തിപരമായ കാര്യങ്ങൾക്ക് മാറിനിൽക്കുവാനോ അസുഖം വന്നാൽപ്പോലും ജോലി ചെയ്യാതിരിക്കുവാനോ സാധിക്കില്ല. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർപോലും സ്വന്തം വീട്ടിൽ ഒരു പശുവിനെ വളർത്താൻ തയ്യാറാകുന്നില്ല. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സ്കീമുകൾ ഉണ്ടാക്കുന്നതോടൊപ്പം ഈ രംഗത്ത് ജോലിചെയ്യുന്നവരോടുള്ള സമീപനത്തിലും മാറ്റം വരുത്തേണ്ടതുണ്ട്. മൃഗസംരക്ഷണ പരിപാലനരംഗത്ത് തൊഴിലെടുക്കുന്നവർക്ക് കൂടുതൽ പരിഗണനയും സംരക്ഷണവും നൽകുന്നതിനും പുതിയ ആളുകളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ശക്തമായ നിയമനിർമ്മാണം കൊണ്ടുവരേണ്ടത് ആവശ്യമാണ്. ഈ ബില്ലിലെ ആശയങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : മൃഗപരിപാലന മേഖലയുമായി ബന്ധപ്പെട്ട് ഒട്ടനവധി കാര്യങ്ങൾ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് അനിവാര്യമായതും ആകർഷകമായതുമായ കൂട്ടായ്മകൾ സൃഷ്ടിക്കപ്പെടുകയാണെങ്കിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതാണ്. ഇപ്പോൾ കേരളത്തിൽ

26000-ത്തിലധികം ക്ഷീരകർഷകർക്ക് 300 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനുപുറമേ പലതരത്തിലുള്ള സബ്സിഡികളും നൽകുന്നുണ്ട്. നെൽക്കർഷകർക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ പശുക്കളെ വിതരണം ചെയ്യുന്നുണ്ട്. ബില്ലിലെ ആവശ്യങ്ങളും നിർദ്ദേശങ്ങളും അംഗീകരിക്കുന്നുണ്ടെങ്കിലും പ്രത്യേകമായ നിമയനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച

(i) 2008-ലെ കേരള പാചകത്തൊഴിലാളി ക്ഷേമനിധി ബിൽ

(ബില്ലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. ബി. ബാബു പ്രസാദ് ഹാജരല്ലാതിരുന്നതിനാൽ പ്രമേയം തുടർചർച്ചയ്ക്ക് പരിഗണിച്ചില്ല.)

(ii) 2007-ലെ കേരള ബാല ബാലിക പീഡന നിരോധന ബിൽ

(ശ്രീമതി കെ. കെ. ലതിക നോട്ടീസ് നൽകിയത്)

ശ്രീമതി കെ. കെ. ലതിക : സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന വളരെ ഗൗരവമുള്ള വിഷയം ഉൾക്കൊള്ളുന്ന ബില്ലാണിത്. ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും ലൈംഗികമായി പീഡിപ്പിക്കപ്പെടുമ്പോൾ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നിയമം സംസ്ഥാനത്ത് ഇല്ല. പത്ര മാധ്യമങ്ങളിൽ റിപ്പോർട്ട് വരുന്ന സമയത്തുമാത്രം സമൂഹം ഇടപെടുമെങ്കിലും വ്യക്തമായ നിയമത്തിന്റെ അപര്യാപ്തതമൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല. ഗോവയിൽ മാത്രമാണ് കുട്ടികൾക്കുനേരെയുള്ള അക്രമത്തിനെതിരെ കൃത്യമായ നിയമമുള്ളത്. സംസ്ഥാനതലത്തിൽ

നിയമനിർമ്മാണം ഉണ്ടായാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളുവെന്നതിനാൽ ഈ ബിൽ അംഗീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള നിയമം കർശനമായി നടപ്പാക്കിയാൽ മതിയാകും. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കാൻ കഴിയില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

(iii) 2007-ലെ സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബിൽ

(ബില്ലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. എം. ഹംസ ഹാജരല്ലാതിരുന്നതിനാൽ പ്രമേയം തുടർചർച്ചയ്ക്ക് പരിഗണിച്ചില്ല.)

സഭ ഉച്ചയ്ക്കുശേഷം 12.24-ന് പിരിഞ്ഞു.